(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**U – 2240**

Reg. No. : ..............................

Name : ..................................

# Fifth Semester B.A. Degree Examination, December 2024

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course VII

## ML 1542 : ചെറുകഥാപഠനം

## (2021 Admission Onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക :

1. മലയാളത്തിലെ ആദ്യത്തെ അപസർപ്പക കഥയേത്?

2. കാരൂരിന് ശേഷം അദ്ധ്യാപക കഥകളുമായി മലയാള സാഹിത്യത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ കഥാകൃത്ത് ആര്?

3. ഗോപാലൻ നായരുടെ താടി എന്ന കഥയെഴുതിയത് ആരാണ്?

4. വൈക്കം മുഹമ്മദ് ബഷീർ രചിച്ച ആദ്യ കഥ ഏത്?

5. കഥ തേടുന്ന കഥ എന്ന പഠന ഗ്രന്ഥം എഴുതിയത് ആര്?

6. കുഞ്ഞുണ്ണിയുടെ യാത്രാപുസ്തകം ആരുടെ കൃതി?

7. ഒരു വായനശാലാ വിപ്ലവം എന്ന ചെറുകഥ ആരാണ് എഴുതിയത്?

P.T.O.

8. ആത്മഹത്യകളെ വിഷയമാക്കിക്കൊണ്ട് സന്തോഷ് ഏച്ചിക്കാനം രചിച്ച കഥ ഏത്?

9. കാരൂർ കഥകളെ മന്ദസ്മിതപ്രസ്ഥാനം എന്ന് വിശേഷിപ്പിച്ചത് ആരാണ്?

10. ചന്ദനമരങ്ങൾ ആരുടെ കഥ?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. എന്താണ് അപസർപ്പക കഥകൾ?

12. നിനക്കറിയാമോ മരണത്തിന്റെ മണം എന്താണെന്ന്? ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

13. ബൃഹദാഖ്യാനങ്ങളിലെ അവിശ്വാസം എന്ന സംജ്ഞ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

14. കോട്ടയം 17 എന്ന കഥയിൽ കുഞ്ഞിന്റെ വേദനകൾ പ്രകൃതി കൂടി പങ്കുവയ്ക്കുന്നത് ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

15. ദ്വാരക ഒരു സ്വപ്നാഖ്യാനമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

16. ഉത്തരാധുനിക കഥകളുടെ പ്രധാന സ്വഭാവസവിശേഷതകൾ വിശദീകരിക്കുക.

17. "അതിമഹത്തായ ഒരു പ്രവൃത്തിയുടെ അടയാളമാണ് ഈ തേന്മാവ്" ഏതാണ് ആ പ്രവൃത്തി?

18. "അടുത്തടുത്ത് താമസിച്ചിട്ടും ഇപ്പഴും അടുത്തിരിക്കാൻ കഴിയുന്നുന്നുവെച്ചാൽ അതൊരു വല്യ കഴിവന്ന്യാണേയ്" - എന്തുകൊണ്ടാണ് കൊച്ചുണ്ണിമ്മാൻ ഇങ്ങനെ പറയുന്നത്?

19. നവോത്ഥാന കാലഘട്ടം കഥകളുടെ സുവർണ്ണ കാലഘട്ടമായിരുന്നു എന്നു പറയുന്നത് എന്തുകൊണ്ട്?



Scanned with CamScanner

20. നമ്മൾ ഒരാളോട് നമ്മുടെ വേവലാതികൾ പറയുമ്പോൾ കേൾക്കുന്ന ആൾ അതേതോതിൽ അല്ലെങ്കിലും അങ്ങനെ ചില വേദനകളിലൂടെ ചെറുതായിട്ടൊന്ന് കടന്നുപോയിരിക്കുക എങ്കിലും വേണം അല്ലാത്തവരോട് പറയരുത്. ഗോപാൽ യാദവ് ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

21. 'കണ്ടപ്പന്റെ കൊണ്ടാട്ടം' എന്ന കഥയുടെ രചനാ സവിശേഷതകളെന്തെല്ലാം?

22. ത്രിശങ്കു എന്ന കഥയിൽ വസിഷ്ഠനും വിശ്വാമിത്രനും ഉള്ള പങ്കെന്ത്?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരം എഴുതുക.

23. 'അദ്ധ്യാപകരുടെ ദൈന്യതകൾ വിവരിക്കുന്ന കഥയാണ് പൊതിച്ചോറ്.' വിശദീകരിക്കുക.

24. ഉറൂബിന്റെ രാച്ചിയമ്മ എന്ന കഥ അനുഭവപ്പെടുത്തിത്തരുന്ന ലോകം എങ്ങനെയുള്ളതാണ്? വിവരിക്കുക.

25. സ്ത്രീവാദ സാഹിത്യത്തിന്റെ പ്രത്യേകതകൾ മലയാളത്തിലെ ഏതെങ്കിലും ഒരു ചെറുകഥയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

26. ഒരു ദളിതന്റെ അനുഭവ ലോകത്ത് നിന്നുകൊണ്ടാണ് കാവൽ ഭൂതം എന്ന കഥയുടെ ആഖ്യാനവും ശൈലിയും രൂപപ്പെടുത്തിയിരിക്കുന്നത്. സമർത്ഥിക്കുക.

27. മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ സാമാന്യസ്വഭാവം വിവരിക്കുക.

28. സ്ത്രൈണ മനസ്സിന്റെ വിഹ്വലതകളും സംത്രാസങ്ങളും പക്ഷിയുടെ മണം എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്നത് എങ്ങനെ?

29. മലയാള ചെറുകഥയിൽ ആധുനികതയുടെ ആഖ്യാനങ്ങൾ നടപ്പിലായത് എങ്ങനെയാണെന്ന് വിശദീകരിക്കുക.

30. തീവണ്ടിക്കൊള്ള എന്ന കഥയിൽ വിശപ്പ് ഒരു കഥാപാത്രമെന്ന നിലയിൽ എങ്ങനെയാണ് കടന്നുവരുന്നത്?

31. ദൂത് എന്ന കഥ ഉയർത്തുന്ന സാമൂഹിക വിമർശന തലങ്ങൾ എന്തൊക്കെയാണ്?

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

32. എസ് ആർ ലാലിന്റെ കഥകളിൽ പ്രത്യക്ഷമാകുന്ന സൂക്ഷ്മരാഷ്ട്രീയം എരിവ് എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

33. സർവചരാചരങ്ങളോടുമുള്ള സ്നേഹമാണ് ബഷീറിന്റെ തേന്മാവ് എന്ന കഥയുടെ അടിസ്ഥാന പ്രമേയം - ചർച്ച ചെയ്യുക.

34. ത്രിശങ്കു എന്ന കഥ മുന്നോട്ട് വെയ്ക്കുന്ന ദാർശനികസമസ്യകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുക.

35. വിശപ്പിന്റെ വ്യത്യസ്ത ഭാവതലങ്ങൾ വെളിവാക്കുന്ന ഒരു ബിംബമാണ് ബിരിയാണി എന്ന കഥ. സ്വമതം സ്ഥാപിക്കുക.

**(2 × 15 = 30 Marks)**



Scanned with CamScanner